**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നംപർ. 2802

20.06.2013ൽ
മറുപടിക്ക്

# മണ്ണ് എടുക്കുന്നത് തടയുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.മോൻസ് ജോസഫ് : | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) |
|---|---|
| എ) സംസ്ഥാനത്ത് വീട് പണിയുന്നതിനു വേണ്ടി കുന്ന് ഇടിക്കുന്നതും മണ്ണ് എടുക്കുന്നതും തടയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (എ) കാസർഗോഡ് ജില്ല ഒഴികെ മറ്റു ജില്ലകളിൽ 1967 ലെ കേരളാ മൈനർ മിനറൽ കൺസക്ഷൻ ചട്ടങ്ങൾക്ക് വിരുദ്ധമായി അനധികൃതമായി കുന്ന് ഇടിക്കുന്നതിനും, മണ്ണ് എടുക്കുന്നതുമായി ശ്രദ്ധയിൽ വന്നിട്ടുള്ള കേസുകളിൽ ടി പ്രവൃത്തി തടയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ബി) മണ്ണ് വീട് വയ്ക്കുന്നതിനു വേണ്ടി കൊണ്ടു പോകുന്നത് തടയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; | (ബി) മണ്ണ് അനധികൃതമായി കടത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ പ്രസ്തുത വാഹനങ്ങൾ കസ്റ്റഡിയിൽ എടുക്കുന്നതിനും സ്ഥലമുടമയിൽ നിന്നും റോയൽറ്റി ഈടാക്കുന്നതിനും ആവശ്യമായ നടപടി ജില്ലകളിൽ സ്വീകരിച്ചു വരുന്നു. 2012 ലെ കേരള മൈനർ മിനറൽ കൺസക്ഷൻ (ഭേദഗതി നിയമത്തിലെ 5(7) ഉം 8(1) ഉം ചട്ടങ്ങൾ പ്രകാരം. |
| സി) മണ്ണ് ഇടിക്കുന്നതിനും, മണ്ണ്, വീട് വയ്ക്കുന്നതുമായി ബന്ധപ്പെട്ട ആവശ്യത്തിന് കൊണ്ടുപോകുന്നതിനും വേണ്ടി പാസ്സ് നൽകുന്നുണ്ടോ ; ഏത് സംവിധാനത്തിലൂടെയാണ് ഈ പാസ്സ് നൽകുന്നത് ; ഇതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ? | (സി) 17-11-2012 ലെ GO(P) No.138/12/ID പ്രകാരം പച്ചമണ്ണ് / സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിനും നിക്ഷേപിക്കുന്നതിനും ജില്ലാ കളക്ടറുടെ എൻ.ഒ.സി.യുടെ അടിസ്ഥാനത്തിൽ ജിയോളജിസ്റ്റ് പാസ്സ് നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ